# ദൈവത്തിന്റെ ദാനം

## എഫെസ്യർ 2:8

**"കൃപയാലല്ലോ നിങ്ങൾ വിശ്വാസംമൂലം രക്ഷിക്കപ്പെട്ടിരിക്കുന്നതു; അതിന്നും നിങ്ങൾ കാരണമല്ല; ദൈവത്തിന്റെ ദാനമത്രേയാകുന്നു."**

മനുഷ്യന് പാപബോധം ഉണ്ടാക്കുന്നത് പരിശുദ്ധാത്മാവാണ്, ദൈവഹിതപ്രകാരമുള്ള ദുഃഖമാണു അനുതാപത്തിലേക്കും, പിന്നീട് രക്ഷയിലേക്കും നടത്തുന്നത്.

2 കൊരിന്ത്യർ 7:10 'ദൈവഹിതപ്രകാരമുള്ള ദുഃഖം അനുതാപം വരാത്ത മാനസാന്തരത്തെ രക്ഷെക്കായി ഉളവാക്കുന്നു; ലോകത്തിന്റെ ദുഃഖമോ മരണത്തെ ഉളവാക്കുന്നു'.

ദാവീദ് കർത്താവിന്റെ സന്നിധിയിൽ പ്രാർത്ഥിച്ചതു ഞാൻ പാപം ചെയ്തു എങ്കിൽ എന്നല്ല, പിന്നയോ ഞാൻ പാപം ചെയ്തു എന്നാണ്. അപ്പോൾ നാം മനസ്സിലാക്കണം കുറ്റം സമ്മതിക്കുന്നത് നമ്മുടെ വിനയത്തെയാണ് ദൈവസന്നിധിയിലും ലോകത്തിന്റെ മുന്നിലും കാണിക്കുന്നത്. കുറ്റം ദൈവസന്നിധിയിൽ ഏറ്റു പറയുന്നത് ശിക്ഷിക്കപ്പെടാനല്ല ദൈവത്തോട് യഥാസ്ഥാനപ്പെടാനാണ്. നാം പാപികളായി ജനിക്കുന്നതുകൊണ്ടാണ് പാപം ചെയ്യുന്നത്.

പാപം എന്ന ഗ്രീക്ക് വാക്കിന്റെ അർത്ഥം ദൈവീക ലക്ഷ്യത്തിൽ നിന്നും അകന്നു പോകുന്നു എന്നാണ്. അനുതാപം എന്ന വാക്കിന്റെ ഗ്രീക്ക് അർത്ഥം ദൈവീക ലക്ഷ്യത്തിലേക്ക് മടങ്ങുക. ദൈവീക ലക്ഷ്യത്തിലേക്ക് മടങ്ങുവാൻ നമുക്ക് വേണ്ടത് 6 കാര്യങ്ങളാണ്

1. പാപത്തെക്കുറിച്ച് പശ്ചാത്തപിക്കുക
2. പാപവഴികളെ ഉപേക്ഷിക്കുക
3. ഇനിയും പാപം ചെയ്യുകയില്ല എന്ന് തീരുമാനിക്കുക
4. മോഷ്ടിച്ച സാധനങ്ങൾ തിരിച്ചു നൽകുക
5. മറ്റുള്ളവരോട് ക്ഷമിക്കുക
6. പാപം ഏറ്റു പറഞ്ഞു ഉപേക്ഷിക്കുക.

1 യോഹന്നാൻ 1:9 'നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു'.

നമ്മുടെ പാപപങ്കിലമായ ഹൃദയത്തെ, ശരീരത്തെ, മനസിനെ കഴുകി ശുദ്ധീകരിക്കുവാൻ ഒരു ശിക്ഷക്കും, പണത്തിനും, കോടതിക്കും സാധ്യമല്ല. എന്നാൽ യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ വിശുദ്ധരാക്കുന്നു. അതാണ് ദാവീദ് പ്രാർഥിച്ചത്. "ഈസോപ്പ് (യാഗരക്തം) കൊണ്ടു എന്നെ കഴുകണമേ".

ദൈവം നീതിമാനാകയാൽ പാപി ശിക്ഷിക്കപ്പെടണം, എന്നാൽ അവിടുന്ന് സ്നേഹവാൻ കൂടിയാകയാൽ പാപി രക്ഷിക്കപ്പെടണം. അതുകൊണ്ട് പാപിയും ദോഷിയുമായ മനുഷ്യൻ ഏൽക്കേണ്ട ശിക്ഷ ദൈവം തന്റെ സ്വന്തം പുത്രനിൽ കൂടി ലോകത്തിനു വേണ്ടി ഏറ്റു വാങ്ങി. അങ്ങനെ നമ്മൾ രക്ഷ പ്രാപിച്ചു.

എഫെസ്യർ 2:8 "കൃപയാലല്ലോ നിങ്ങൾ വിശ്വാസംമൂലം രക്ഷിക്കപ്പെട്ടിരിക്കുന്നതു; അതിന്നും നിങ്ങൾ കാരണമല്ല; ദൈവത്തിന്റെ ദാനമത്രേയാകുന്നു".

നമ്മുടെ ഒരു യോഗ്യതയുമല്ല പിന്നയോ അവിടുത്തെ കൃപ അതു ഒന്നുകൊണ്ടു മാത്രമാണ് നാം രക്ഷ അനുഭവിപ്പാൻ കാരണമായത്.

രക്ഷ നമുക്ക് ചോദിച്ചു വാങ്ങുവാൻ സാധിക്കുകയില്ല, കൃപയാൽ ഉള്ള രക്ഷയെക്കുറിച്ചാണ് യേശുക്രിസ്തു ലോകത്തെ പഠിപ്പിച്ചത്. ആത്മാവിൽ ദരിദ്രരാണ് സ്വർഗ്ഗരാജ്യം അവകാശമാകുന്നത്. ദൈവസന്നിധിയിൽ വിനയത്തോടെ, അനുതാപ ഹൃദയത്തോടെ അടുത്ത് ചെല്ലുന്ന, യേശുവിൽ വിശ്വസിക്കുന്ന ഏവർക്കും സൗജന്യമായി രക്ഷ പ്രാപിക്കാം.

പ്രിയപെട്ടവരെ, രക്ഷ നാം നേടിയെടുക്കുന്നതല്ല, കൃപയാൽ പ്രാപിക്കുന്നതാണ്.

പരാമർശം:
റോമർ 10:9
യേശുവിനെ കർത്താവു എന്നു വായ്കൊണ്ടു ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽനിന്നു ഉയർത്തെഴുന്നേല്പിച്ചു എന്നു ഹൃദയംകൊണ്ടു വിശ്വസിക്കയും ചെയ്താൽ നീ രക്ഷിക്കപ്പെടും.

ബ്രദർ റ്റോബി ഏബ്രഹാം ചെങ്ങന്നൂർ 001